**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3113** **25-06-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി പ്രവർത്തിക്കുന്ന എത്ര സാംസ്കാരിക സ്ഥാപനങ്ങളുണ്ട്; അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടി പ്രവർത്തിക്കുന്ന 4 സാംസ്കാരിക സ്ഥാപനങ്ങളുണ്ട്. വിശദവിവരം ചുവടെച്ചേർക്കുന്നു:<br>1. മഞ്ചേശ്വരം ഗോവന്ദ പൈ സ്മാരകം<br>2. തുളു സാഹിത്യ അക്കാദമി<br>3. പാർത്ഥി സുബ്ബയക്ഷഗാന അക്കാദമി<br>4. മഹാകവി പി. കുഞ്ഞിരാമൻ നായർ മെമ്മോറിയൽ ട്രസ്റ്റ്, അജാനൂർ |
| (ബി) | തുളു അക്കാദമി, ഗോവിന്ദപൈ സ്മാരകം, യക്ഷഗാന അക്കാദമി എന്നീ സ്ഥാപനങ്ങൾക്ക് ഇതുവരെ നൽകിയ സാമ്പത്തിക സഹായം എത്രയാണെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇവയുടെ ഭാവി പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുമോ; വ്യക്തമാക്കാമോ? | (സി) | നടപ്പ് വർഷം തുളു സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരകത്തിന്റെ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ പ്രത്യേക ധനസഹായമായും 37,500/- രൂപ വാർഷിക ധനസഹായമായും വകയിരുത്തിയിട്ടുണ്ട്. യക്ഷഗാന അക്കാദമിയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ടി സ്ഥാപനം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം. | വർഷം | തുളു അക്കാദമി | | ഗോവിന്ദ പൈ സ്മാരകം | | യക്ഷഗാന അക്കാദമി | |
|---|---|---|---|---|---|---|---|
| | | പദ്ധതി | പദ്ധതിയേതരം | പദ്ധതി | പദ്ധതിയേതരം | പദ്ധതി | പദ്ധതിയേതരം |
| 1 | 2021-22 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | 2022-23 | ഇല്ല | 8.60 ലക്ഷം | 57 ലക്ഷം | ഇല്ല | ഇല്ല | ഇല്ല |
| 3 | 2023-24 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | 2024-25 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |